**അടിയന്തരപ്രമേയം**

<u>പോലീസ് മർദ്ദനം</u>

<u>മി. സ്പീക്കർ</u>: കെ.എസ്.യു. നടത്തിയ നിയമസഭാ മാർച്ചിൽ പങ്കെടുത്ത ശ്രീ. ഷാഫി പറമ്പിൽ, എം.എൽ.എ. അടക്കമുള്ള നേതാക്കളെ പോലീസ് മർദ്ദിക്കുകയും എം.എൽ.എ.-യെ ആശുപത്രിയിൽ കൊണ്ടുപോകാതെ എ.ആർ. ക്യാമ്പിലേക്ക് അറസ്റ്റ് ചെയ്ത് കൊണ്ടുപോയ നടപടിമൂലം സംസ്ഥാനത്ത് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. ടി. ബൽറാം, കെ. എം. ഷാജി, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. പി. ജയരാജൻ</u>): സർ, ഇന്നലെ (19-11-2019) തിരുവനന്തപുരത്ത് നടന്ന വിദ്യാർത്ഥി സമരത്തിനിടെ ശ്രീ. ഷാഫി പറമ്പിൽ, എം.എൽ.എ.-ക്ക് പരിക്കേറ്റ സംഭവം അത്യന്തം ദൗർഭാഗ്യകരമാണ്. കേരളാ യൂണിവേഴ്സിറ്റിയിൽ ചില ക്രമക്കേടുകൾ നടന്നുവെന്ന് ആരോപിച്ചുകൊണ്ട് എം.എൽ.എ. ഹോസ്റ്റലിന് സമീപത്തുനിന്ന് കെ.എസ്.യു.-വിന്റെ

നേതൃത്വത്തിൽ പ്രവർത്തകർ ഇന്നലെ ഉച്ചയ്ക്ക് നിയമസഭാ മന്ദിരത്തിലേക്ക് പ്രതിഷേധ മാർച്ച് നടത്തുകയുണ്ടായി. പ്രതിപക്ഷ എം.എൽ.എ.-മാർ പ്രസംഗിച്ചശേഷം മുന്നോട്ടുനീങ്ങിയ മാർച്ചിനെ പാളയം വേൾഡ് വാർ മെമ്മോറിയൽ ഭാഗത്തുള്ള വാക്കിംഗ് പോയിന്റിൽവച്ച് പോലീസ് തടഞ്ഞു. റോഡ് ഉപരോധിച്ച് നഗരത്തിൽ ഗതാഗതസ്തംഭനം വരുത്തുകയും ചെയ്തു. തുടർന്ന് മെഗാഫോൺ ഉപയോഗിച്ച് പ്രതിഷേധക്കാരോട് പിരിഞ്ഞുപോകണമെന്ന് നിരവധി തവണ പോലീസ് ആവശ്യപ്പെടുകയും നിയമപ്രകാരമുള്ള മുന്നറിയിപ്പുകൾ നൽകുകയും ചെയ്തിട്ടും പിരിഞ്ഞുപോകാൻ കൂട്ടാക്കാതെ കെ.എസ്.യു. പ്രവർത്തകർ അക്രമാസക്തരായി ബാരിക്കേഡുകൾ തകർത്ത് മുന്നോട്ട് നീങ്ങിയപ്പോൾ പോലീസ് ജല പീരങ്കി, ടിയർ ഗ്യാസ്, ഗ്രനേഡ് എന്നിവ പ്രയോഗിച്ച് സമരക്കാരെ പിരിച്ചുവിടാൻ ശ്രമിക്കുകയുണ്ടായി. തുടർന്ന് പിരിഞ്ഞുപോയ പ്രവർത്തകർ വീണ്ടും ഒരുമിച്ചുകൂടി പാളയം ഫൈൻ ആർട്സ് കോളേജിന് മുന്നിൽ പ്രധാന റോഡ് ഉപരോധിക്കുകയുണ്ടായി. റോഡ് ഉപരോധിച്ച പ്രവർത്തകരെ അറസ്റ്റ് ചെയ്ത് പോലീസ് വാഹനത്തിൽ എ.ആർ. ക്യാമ്പിലേക്ക് കൊണ്ടുപോകാൻ ശ്രമിക്കവേ പാളയം കല്യാൺ സിൽക്സിന് മുന്നിൽവച്ച് അവിടെയുണ്ടായിരുന്ന മറ്റ് പ്രവർത്തകർ പോലീസ് വാഹനം

തടഞ്ഞ് മാർഗ്ഗ തടസ്സം സൃഷ്ടിച്ചു. തുടർന്ന് പോലീസിനെ പ്രവർത്തകർ ആക്രമിക്കുന്ന സ്ഥിതിയുണ്ടായി. ...(ബഹളം)...

മി. സ്പീക്കർ: അദ്ദേഹം പറയട്ടെ. അദ്ദേഹം സംസാരിച്ചതിനുശേഷം ശ്രീ. വി. ടി. ബൽറാമിന് പറയാനുള്ളത് പറയാം. പ്ലീസ്.... പ്ലീസ്.... ഇരിക്കു.... ഇരിക്കു....

ശ്രീ. ഇ. പി. ജയരാജൻ: സർ, ഇതൊന്നും ആദ്യത്തെ സംഭവമല്ല. ...(ബഹളം)... ഈ സഭയിൽ അംഗമായിരുന്നപ്പോൾ, അടികൊണ്ട് എന്റെ പുറത്ത് തൊലിയുണ്ടായിട്ടില്ല. തുടർന്ന് പോലീസിനെ പ്രവർത്തകർ ആക്രമിക്കുന്ന സ്ഥിതിയുണ്ടായി. തുടർന്നുണ്ടായ സംഘർഷത്തിൽ ശ്രീ. ഷാഫി പറമ്പിൽ, എം.എൽ.എ.-യ്ക്കും ചില പ്രവർത്തകർക്കും പരിക്കേറ്റു. തുടർന്ന് എം.എൽ.എ.-യെ ആശുപത്രിയിൽ കൊണ്ടുപോകുന്നതിന് പോലീസ് ആംബുലൻസിൽ കയറ്റി. ആംബുലൻസ് മുന്നോട്ട് നീങ്ങിയപ്പോൾ എം.എൽ.എ. നിർബന്ധപൂർവ്വം ആംബുലൻസ് നിർത്തിച്ച് അതിൽ നിന്നിറങ്ങി സ്ഥലത്തുണ്ടായിരുന്ന മാധ്യമപ്രവർത്തകർക്ക് അഭിമുഖം നൽകി....(ബഹളം).. ഇതെല്ലാം മാധ്യമ പ്രവർത്തകരുടെ രേഖയിലുണ്ട്. നിങ്ങൾക്ക് പരിശോധിച്ചാൽ കാണാം. നിർത്തിയ ആംബുലൻസിൽ നിന്നും ഇറങ്ങി സ്ഥലത്തുണ്ടായിരുന്ന

മാധ്യമപ്രവർത്തകർക്ക് അഭിമുഖം നൽകിയ ശേഷം കെ.എസ്.യു. പ്രവർത്തകരോടൊപ്പം പോലീസ് ബസ്സിൽ കയറി എ.ആർ. ക്യാമ്പിലെത്തുകയും ചെയ്തു. അവിടെ വച്ച് പോലീസ് ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ആശുപത്രിയിൽ പോകാൻ കൂട്ടാക്കിയില്ല. തുടർന്ന് നന്ദാവനം എ.ആർ. ക്യാമ്പിലെത്തിയ യു.ഡി.എഫ്. എം.എൽ.എ.-മാർ ശ്രീ. ഷാഫി പറമ്പിൽ, എം.എൽ.എ.-യെ നിർബന്ധിച്ച് ചികിത്സയ്ക്കായി മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് കൊണ്ടുപോയി. സംഭവത്തിൽ കന്റോൺമെന്റ് പോലീസ് അസിസ്റ്റന്റ് കമ്മീഷണർ ഉൾപ്പെടെയുള്ള പോലീസ് ഉദ്യോഗസ്ഥർക്കും പരിക്കേൽക്കുകയുണ്ടായി. സംഭവവുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്തിരുന്ന 20-ഓളം പ്രവർത്തകർക്കെതിരെ പോലീസ് കേസെടുത്തിട്ടുണ്ട്. മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 2108/2019 ആയി കേസ് രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇന്നലെ ശ്രീ. ഷാഫി പറമ്പിൽ, എം.എൽ.എ.-യ്ക്ക് പരിക്കേറ്റതുൾപ്പെടെയുള്ള സംഭവങ്ങളിലേക്ക് നയിച്ച സാഹചര്യങ്ങളെക്കുറിച്ചും പോലീസ് നടപടികളെക്കുറിച്ചും അന്വേഷണം നടത്താൻ ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ

ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, 9-ഉം 13-ഉം വയസുള്ള രണ്ട് കുരുന്നുകളെ അതിക്രൂരമായി പീഡിപ്പിച്ച് കൊലപ്പെടുത്തിയ കൊടുംക്രിമിനലുകൾ രാഷ്ട്രീയ സംരക്ഷണത്താൽ ആ കേസ് അട്ടിമറിച്ച് ഇന്ന് പുറത്ത് സ്വൈര്യമായി വിഹരിക്കുകയാണ്, സുഖജീവിതം ആസ്വദിക്കുകയാണ്. ലക്ഷക്കണക്കിന് ചെറുപ്പക്കാരുടെ പ്രതീക്ഷകൾ തല്ലിക്കൊഴിച്ച് ഭരണഘടനാ സ്ഥാപനമായ പി.എസ്.സി.-യുടെ വിശ്വാസ്യതപോലും ഇല്ലാതാക്കിയ എസ്.എഫ്.ഐ.-യുടെയും ഡി.വൈ.എഫ്.ഐ.-യുടെയും ക്രിമിനലുകൾ ഒരു കുറ്റപത്രംപോലും ഈ ഗവൺമെന്റോ പോലീസോ നൽകാത്തതിന്റെ പേരിൽ ജാമ്യത്തിലിറങ്ങി പുറത്ത് വിഹരിക്കുകയാണ്, സുഖജീവിതം നയിക്കുകയാണ്. കേരള, എം.ജി. സർവ്വകലാശാലകളിലെ പരീക്ഷാ സംവിധാനങ്ങളുടെ വിശ്വാസ്യത പാടേ തകർത്ത് തരിപ്പണമാക്കി മാർക്കുദാനം നടത്തുന്നവർ മന്ത്രിക്കസേരകളിൽ ലജ്ജയില്ലാതെ അമർന്നിരിക്കുകയാണ്. ഈ സാഹചര്യത്തിലാണ് ഇന്ന് ഈ സഭയിൽ നമ്മോടൊപ്പം എനിക്ക് തൊട്ടുമുന്നിലുള്ള സീറ്റിലിരുന്ന് നടപടികളിൽ പങ്കെടുക്കേണ്ടിയിരുന്ന ഒരു സഹപ്രവർത്തകൻ കേരളത്തിലെ പോലീസിന്റെ അതിക്രൂരമായ ആക്രമണത്തിന് വിധേയനായി തലതല്ലിപ്പൊളിക്കപ്പെട്ട്

മെഡിക്കൽ കോളേജ് ആശുപത്രിയിൽ കഴിയാൻ ഇടവന്നിട്ടുള്ളത്. കേരളത്തിലെ പ്രതികരിക്കുന്ന വിദ്യാർത്ഥി സംഘടനയുടെ സംസ്ഥാന പ്രസിഡന്റടക്കമുള്ള നിരവധി നേതാക്കളും പ്രവർത്തകരും അതിക്രൂരമായ പോലീസ് നരനായാട്ടിന് വിധേയരായി വിവിധ ആശുപത്രികളിൽ ചികിത്സയ്ക്ക് വിധേയരായി വേദന തിന്നുകയാണ്. ഇതാണ് ഈ ഗവൺമെന്റിന്റെ ഭരണത്തിൽ ഇന്നത്തെ കേരളത്തിന്റെ അവസ്ഥ. ഇതിനെക്കുറിച്ചാണ് ഞങ്ങൾ ചർച്ച ചെയ്യണമെന്ന് ആഗ്രഹിക്കുന്നത്. ബഹുമാന്യനായ മന്ത്രി ഇവിടെ പോലീസിന്റെ റിപ്പോർട്ടാണ് വായിച്ചത്. ഇന്ന് വകുപ്പിന്റെ ചുമതലയുള്ള മുഖ്യമന്ത്രി സഭയിലുണ്ടാകണമെന്ന് ഞങ്ങളെല്ലാം ആഗ്രഹിച്ചിരുന്നു. പക്ഷേ, അദ്ദേഹം തൊട്ടപ്പുറത്തെ സീറ്റിലുണ്ടായിരുന്നെങ്കിലും ഇതേ രീതിയിൽ പോലീസ് എഴുതിക്കൊടുത്ത റിപ്പോർട്ട് വള്ളിപുള്ളി വിസർഗ്ഗം വിടാതെ ആവർത്തിക്കുക എന്നതല്ലാതെ മറിച്ചൊരു വാക്ക് അദ്ദേഹത്തിൽ നിന്നും ഉണ്ടാകില്ല എന്നുള്ളതിന് ഈ സഭ തന്നെ എത്രയോ അവസരത്തിൽ സാക്ഷ്യം വഹിച്ചിട്ടുണ്ട്. എന്താണ് ഇന്നലെ നടന്നത്? കെ.എസ്.യു.-ന്റെ ഒരു നിയമസഭാ മാർച്ച് ഇന്നലെ നടന്നു. ശ്രീ. കെ. എം. അഭിജിത്തിന്റെ നേതൃത്വത്തിൽ അഞ്ഞൂറോളം വരുന്ന പ്രവർത്തകർ വളരെ സമാധാനപരമായാണ് ആ മാർച്ചിന്

തുടക്കം കുറിച്ചത്. മൂന്ന് മുദ്രാവാക്യങ്ങളാണ് ആ സമരത്തിന്റെ ഭാഗമായി കെ.എസ്.യു. പ്രവർത്തകർ ഉയർത്തിയത്. ഒന്ന്, വാളയാർ സഹോദരിമാരുടെ കൊലപാതകം സി.ബി.ഐ. അന്വേഷിക്കുക. രണ്ട്, യൂണിവേഴ്സിറ്റികളിലെ മാർക്ക്ദാനത്തിനും കേരള യൂണിവേഴ്സിറ്റി പരീക്ഷാ മാർക്ക് ലിസ്റ്റ് കുംഭകോണത്തിലും സർക്കാർ സുതാര്യമായ അന്വേഷണം പ്രഖ്യാപിക്കുക. മൂന്ന്, പി.എസ്.സി. തട്ടിപ്പ് നടത്തിയ പ്രതികളെ സംരക്ഷിക്കുന്ന നിലപാട് സർക്കാർ അവസാനിപ്പിക്കുക. ഞാൻ ചോദിക്കട്ടെ, ഇതിൽ ഏത് മുദ്രാവാക്യത്തിലാണ് സർക്കാരിന് എതിർപ്പുള്ളത്. വാക്കുകൾകൊണ്ടെങ്കിലും, പരസ്യ നിലപാടിന്റെ കാര്യത്തിലെങ്കിലും ഈ സർക്കാർ ഈ മൂന്ന് മുദ്രാവാക്യങ്ങളോടും യോജിക്കുകയല്ലേ. പിന്നെ എന്തിനാണ് ഈ മുദ്രാവാക്യം ഉയർത്തിപ്പിടിച്ചുകൊണ്ട് സമരം ചെയ്ത വിദ്യാർത്ഥികളെ ഇത്ര ക്രൂരമായി അടിച്ചമർത്തുന്നത്. ഇങ്ങനെയൊരു നരനായാട്ട്, പോലീസ്‌രാജ് ഈ തലസ്ഥാനത്ത് ഉണ്ടാകാൻ മാത്രമുള്ള എന്ത് സാഹചര്യമാണ് ഇന്നലെ അവിടെയുണ്ടായത്. സാധാരണ നിയമസഭാ സമ്മേളന കാലത്ത് നിരവധി സംഘടനകളുടെ ആഭിമുഖ്യത്തിൽ വിവിധ ആവശ്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് നിയമസഭാ മാർച്ചുകൾ ഉണ്ടാകാറില്ലേ.

ഇന്നലെത്തന്നെ മൂന്ന് നിയമസഭാ മാർച്ചുണ്ടായിരുന്നു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അങ്ങനെയുള്ള നിയമസഭാ മാർച്ചെല്ലാം നടക്കുമ്പോൾ എം.എൽ.എ.-മാർ അടക്കം കടന്നുചെന്ന് അഭിവാദ്യം ചെയ്യാറില്ലേ. വളരെ സമാധാനപരമായി ആ സമരങ്ങൾ പര്യവസാനിക്കുന്നുവെന്ന് ഉറപ്പുവരുത്താറില്ലേ. ആ നിലയിലാണ് ഇന്നലെ ബഹുമാന്യരായ എന്റെ സഹപ്രവർത്തകർ ശ്രീ. പി. ടി. തോമസ് എം.എൽ.എ.-യും ശ്രീ. കെ. എസ്. ശബരീനാഥ് എം.എൽ.എ.-യും ശ്രീ. ഷാഫി പറമ്പിൽ എം.എൽ.എ.-യും കെ.എസ്.യു.-ന്റെ സമരത്തെ അഭിവാദ്യം ചെയ്യാനായി കടന്നുചെന്നത്. അവർ പ്രസംഗിച്ചു, എല്ലാ പരിപാടികളും കഴിഞ്ഞ് പ്രവർത്തകർ പിരിഞ്ഞുപോകാൻ തീരുമാനിച്ചു. അതിനിടയിൽ ഒന്നുരണ്ട് തവണ വെള്ളം ചീറ്റലെല്ലാം ഉണ്ടായിട്ടുണ്ട്, ഞങ്ങൾ നിഷേധിക്കുന്നില്ല. സാധാരണ ഗതിയിലുള്ള സമരത്തിന്റെ ഭാഗമായിട്ടുണ്ടാകുന്ന കാര്യങ്ങൾ മാത്രമേ അവിടെ നടന്നിട്ടുള്ളൂ. ഇതെല്ലാം കഴിഞ്ഞ് അവിടെയുണ്ടായിരുന്ന പ്രവർത്തകരിൽ മഹാഭൂരിപക്ഷം പേരെയും വാഹനത്തിൽ കയറ്റി പോലീസ് ക്യാമ്പിലേക്ക് കൊണ്ടുപോയതിനുശേഷം അവസാനത്തെ വാഹനത്തിൽ, കെ.എസ്.യു. സംസ്ഥാന പ്രസിഡന്റ് ശ്രീ. അഭിജിത്തിനെ കയറ്റിയ വാഹനത്തിന്റെ മുന്നിൽ

നാല് പ്രവർത്തകർ മുദ്രാവാക്യം വിളിച്ചുവെന്നതിന്റെ പേരിലാണ് വലിയ രീതിയിലുള്ള വേട്ട പോലീസിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ളത്. എല്ലാ പ്രശ്നങ്ങളും തീർന്നതാണ്. സമാധാനപരമായി ആ സമരം അവസാനിച്ചതാണ്. എല്ലാവരെയും വാഹനത്തിൽ കയറ്റി കൊണ്ടുപോയിക്കഴിഞ്ഞു. അതിനുശേഷമാണ് മുദ്രാവാക്യം വിളിച്ച അവസാനത്തെ നാല് വിദ്യാർത്ഥികളെ വളഞ്ഞിട്ട് ആക്രമിച്ച് അതിക്രൂരമായാണ് പോലീസ് തല്ലിച്ചതച്ചത്. ഗ്രനേഡുകൾ എറിയുകയാണ്. ഒരു ഗ്രനേഡ് എറിഞ്ഞശേഷം ഒരു മിനിട്ട് പോലും വെയിറ്റ് ചെയ്യുന്നില്ല. ഗ്രനേഡുകൾ തുടരെത്തുടരെ എറിയുകയാണ്. ആ ഗ്രനേഡുകളാണ് വലിയ പരിക്കിലേയ്ക്ക് നയിച്ചത്. അങ്ങ് ഇന്നലെ പ്രിയപ്പെട്ട ഷാഫി പറമ്പിലിനെ സന്ദർശിച്ചതല്ലേ, മെഡിക്കൽ കോളേജിൽ അങ്ങ് നേരിട്ട് പോയതല്ലേ, ഈ നിയമസഭയിലെ അംഗത്തിന്റെ തല തല്ലിപ്പൊളിച്ചു. രണ്ട് തുന്നലിടേണ്ടിവന്ന മുറിവാണ് അദ്ദേഹത്തിന്റെ ശിരസ്സിൽ ഏറ്റിരിക്കുന്നത്. കെ.എസ്.യു.-ന്റെ സംസ്ഥാന പ്രസിഡന്റ് ശ്രീ. അഭിജിത്തിനെ 10-25 ഓളം ആളുകൾ വളഞ്ഞിട്ട് തല്ലുകയാണ്. ദേഹമാസകലം പരിക്കേറ്റ് ശ്രീ. അഭിജിത്ത് ഇന്ന് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലാണ്. കെ.എസ്.യു. സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. അബ്ദുൾ റഷീദിന് കൈമുട്ടിലും മുതുകിലും

ഗുരുതരമായി പരിക്കേറ്റിരിക്കുകയാണ്. യൂത്ത് കോൺഗ്രസിന്റെ വർക്കല ബ്ലോക്ക് പ്രസിഡന്റായ ശ്രീ. ജിഹാദിന്റെ തലയിൽ 13 സ്റ്റിച്ചാണുള്ളത്. സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. നവീൻ കല്ലമ്പലത്തിന്റെ കൈ ഒടിഞ്ഞിരിക്കുകയാണ്. തിരുവനന്തപുരത്തെ കെ.എസ്.യു.ന്റെ ജില്ലാ പ്രസിഡന്റ് ശ്രീ. സെയ്ദ് അലി കായ്പ്പാടിയുടെ കൈ ഒടിഞ്ഞിരിക്കുകയാണ്. മലപ്പുറം ജില്ലാ വൈസ് പ്രസിഡന്റ് ശ്രീ. അൽതാഫിന്റെ കയ്യിലും പരിക്കേറ്റിരിക്കുകയാണ്. ശ്രീ. നൗഫൽ കണിയാപുരം എന്ന ചെറുപ്പക്കാരന്റെ തല തല്ലിപ്പൊളിച്ചിരിക്കുകയാണ്. അങ്ങ് പോയി കണ്ടിട്ടുണ്ടാകുമെന്ന് പ്രതീക്ഷിക്കുകയാണ്. ഒരുപക്ഷേ നിയമസഭാംഗം അല്ലാത്തതുകൊണ്ട് അങ്ങ് സന്ദർശിച്ചോയെന്ന് അറിയില്ല. അവിടെ 21 വയസ്സ് മാത്രം പ്രായമുള്ള ശ്രീ. ജോബ് അശോകൻ എന്ന ചെറുപ്പക്കാരനുണ്ട്. അദ്ദേഹത്തിന്റെ ഒരു കൈ മുഴവൻ ഗ്രനേഡ് ആക്രമണത്തിൽ തകർന്നിരിക്കുകയാണ്. മെഡിക്കൽ കോളേജിൽ മതിയായ ചികിത്സ ലഭിക്കില്ലെന്ന ആശങ്കയിൽ അദ്ദേഹത്തെ ഇന്നലെ രാത്രിതന്നെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ടതായി വന്നിരിക്കുകയാണ്. അദ്ദേഹത്തിന്റെ ഒരു വിരൽ അറ്റ് പോയേയ്ക്കുമോയെന്ന ആശങ്കയിലാണ്. 48 മണിക്കൂറിനുശേഷമേ അക്കാര്യത്തിൽ ഒരു മറുപടി

പറയാൻ സാധിക്കു എന്ന സ്ഥിതിയാണ്. ഇവിടെ എന്താണ് നടക്കുന്നത്? ആരാണ് ഈ പ്രശ്നമുണ്ടാക്കിയതെന്ന് ഗവൺമെന്റ് ദയവായി പരിശോധിക്കണം. നേരത്തെ നിയമസഭയിലെ ഒരംഗത്തിനെതിരെ ഇതേ രീതിയിലുള്ള ആക്രമണം പോലീസിന്റെ ഭാഗത്തുനിന്നുണ്ടായില്ലേ? ഞങ്ങളുടെ ഭാഗത്തുള്ള എം.എൽ.എ. അല്ല, ഭരണപക്ഷ എം.എൽ.എ. അദ്ദേഹം പുതുമുഖ എം.എൽ.എ.യായതുകൊണ്ട് ഒരുപക്ഷേ പോലീസിന് തിരിച്ചറിയാൻ സാധിക്കാതെ പോയതാണോയെന്ന് അറിയില്ല. പക്ഷേ, ശ്രീ. ഷാഫി പറമ്പിലിനെ അറിയാത്ത പോലീസുകാരുണ്ടോ? സാധാരണഗതിയിൽ ജനപ്രതിനിധികൾ ഇത്തരത്തിലുള്ള സമര പരിപാടിയിൽ പങ്കെടുക്കുമ്പോൾ അവർക്ക് ഒരു പ്രൊട്ടക്ടീവ് കവർ ഏർപ്പെടുത്താനാണ് പോലീസുകാർ ശ്രമിക്കാറുള്ളത്. അത്തരത്തിലുള്ള ഒരു പ്രിവിലേജും വേണമെന്ന അവകാശവാദത്തിലല്ല ഞങ്ങൾ നിൽക്കുന്നത്. സമരരംഗത്ത് നിങ്ങളുടെ ഒരു സൗജന്യവും ഞങ്ങൾക്ക് ആവശ്യമില്ല. പക്ഷേ, ഇവിടെ ആ നിലയിൽ പ്രൊട്ടക്ടീവ് കവർ ഏർപ്പെടുത്തിയില്ലെന്നുമാത്രമല്ല തെരഞ്ഞുപിടിച്ച് ഒരു എം.എൽ.എ.യെ അടിച്ചൊതുക്കാനും തലതല്ലിപ്പൊളിക്കാനുമല്ലേ പോലീസ് ശ്രമിക്കുന്നത്. ആരാണ് ഈ വിഷയം ഇത്രമാത്രം വഷളാക്കിയത്.

എസ്.ഐ.യും സി.ഐ.യും വളരെ സമാധാനപരമായി വിഷയം കൈകാര്യം ചെയ്തിരുന്നുവെന്നാണ് അവിടെ കൂടിയിരുന്ന മുഴുവൻ ആളുകളും മാധ്യമപ്രവർത്തകരും പറഞ്ഞത്. അവസാനഘട്ടത്തിൽ അവിടേയ്ക്ക് കടന്നുവന്ന പോലീസ് അസിസ്റ്റന്റ് കമ്മീഷണർ ശ്രീ. സുനീഷ് ബാബുവാണ് പ്രശ്നം വഷളാക്കിയത്. എം.എൽ.എ.യുടെ തലതല്ലിപ്പൊളിക്കാനുള്ള ആജ്ഞ നേരിട്ട് നൽകിയത് ഈ എ.സി.പി.യാണ്. അവിടെ പോലീസ് അസോസിയേഷന്റെ ഭാരവാഹികളായ സി.പി.ഐ.(എം.)കാർ എത്ര പേരുണ്ടായിരുന്നുവെന്ന് നമുക്കറിയാം. പോലീസ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് കന്റോൺമെന്റ് സി.ഐ. ആയ ശ്രീ. പ്രിത്വീരാജിന്റെയും ഭാരവാഹിയായ ശ്രീ. പ്രശാന്തിന്റെയും നേതൃത്വത്തിലാണ് ലാത്തിച്ചാർജ് നടക്കുന്നത്. ഈ എ.സി.പി.യുടെ പശ്ചാത്തലം എന്താണ്? അത് ഇവിടെ പരിശോധിക്കേണ്ടതല്ലേ? തിരുവനന്തപുരം ലാ കോളേജിൽ കെ.എസ്.യു.ക്കാരെ വളഞ്ഞിട്ട് ആക്രമിച്ച എസ്.എഫ്.ഐ.ക്കാർക്കെതിരെ മ്യൂസിയം സി.ഐ. ശ്രീ. സുനിൽ 307-ാം വകുപ്പുപ്രകാരം കേസെടുത്തു. ആ സുനിലിനെ വേറൊരു കേസിൽ ഉടനെ ഉൾപ്പെടുത്തി കാസർഗോഡേയ്ക്ക് സ്ഥലംമാറ്റി, കേസ് അന്വേഷണം ഈ എ.സി.പി. ഏറ്റെടുത്ത്

എസ്.എഫ്.ഐ.ക്കാരായ ക്രിമിനലുകളുടെ പേരിൽ 307-ാം വകുപ്പുചുമത്തിയ കേസ്സിൽനിന്നും ഒഴിവാക്കിക്കൊടുത്ത പാരമ്പര്യമാണ് ശ്രീ. സുനീഷ് എന്നുപറയുന്ന എ.സി.പി.ക്കുള്ളത്. ഇങ്ങനെയുള്ള ക്രിമിനലുകളായ ഉദ്യോഗസ്ഥർ നരനായാട്ടിന് നേതൃത്വം നൽകുകയായിരുന്നു. ഈ സുനീഷ് പറഞ്ഞ ഒരു വാക്ക് മാധ്യമ പ്രതിനിധികളടക്കം കേട്ടതാണ്. 'നിന്റെ എം.എൽ.എ.യ്ക്ക് രണ്ടെണ്ണം കിട്ടിയപ്പോൾ മതിയായില്ലേടാ' എന്നാണ്. പോലീസ് ഉദ്യോഗസ്ഥൻ ചോദിക്കുന്ന ചോദ്യമാണ്. അഭിജിത്തിനോട്, ഈ സഭയിൽ പറയാൻ സാധിക്കാത്ത രീതിയിലുള്ള തെറിയാണ് ഈ ഉദ്യോഗസ്ഥൻ പറയുന്നത്. ഇങ്ങനെയാണോ ഒരു പോലീസുകാരൻ പെരുമാറേണ്ടത്. ഇതിനിടയിൽ ഒരു പോലീസുകാരൻ ഓടി വന്ന് ശ്രീ. ഷാഫി പറമ്പിലിനെ അടിക്കുന്നു. ശ്രീ. അഭിജിത്തിനെ അടിക്കുന്നു. .....(ബഹളം)..... ഒരു പോലീസുകാരൻ ശ്രീ. ഷാഫി പറമ്പിലിന്റെ കൈ കടിച്ചു മുറിക്കുകയാണ്. ......(ബഹളം).....

മി. സ്പീക്കർ: പ്ലീസ്...പ്ലീസ്.....സീറ്റിലിരിക്കു.

ശ്രീ. വി. ടി. ബൽറാം: സർ, കേരളത്തിലെ പോലീസ് എത്ര അപരിഷ്കൃതമാണ്. ഡാർവിന്റെ പരിണാമ സിദ്ധാന്തമൊന്നും കേരള

പോലീസിന് ബാധകമല്ലേ? വിപരീത ദിശയിലേയ്ക്കാണോ കേരളത്തിലെ പോലീസ് പോകുന്നത്? പിണറായി വിജയന്റെ പോലീസ് കുരങ്ങന്മാരുടെ പോലീസായി മാറിയോ? ആളുകളെ കടിച്ചുമുറിക്കുന്ന പോലീസായി മാറിയിരിക്കുകയാണോ? ഇത് പോലീസ് സേനയാണോ, വാനരസേനയാണോയെന്ന് നിങ്ങൾ മറുപടി പറയണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. പേപ്പട്ടികളെപ്പോലെ കടിച്ചുമുറിക്കുന്ന, കുരങ്ങന്മാരെപ്പോലെ ആളുകളുടെ കൈ കടിച്ചുമുറിക്കുന്ന പോലീസ് ഇന്നലെകളിലെ നസീമുമാരും ശിവരഞ്ജിത്തുമാരുമാണ്. ഇന്നലെകളിൽ പോലീസ് ഫോഴ്സിൽ പിൻവാതിലിലൂടെ കയറിയ ക്രിമിനലുകളാണോ ഈ വിദ്യാർത്ഥി വേട്ടയ്ക്ക് നേതൃത്വം നൽകിയതെന്ന് ഞങ്ങൾ സംശയിക്കുകയാണ്. ഇവിടെ ശ്രീ. ഷാഫി പറമ്പിൽ വേട്ടയാടപ്പെടുകയാണ്. എന്താണ് കാരണം? നമുക്കെല്ലാവർക്കും അറിയാം. ആരാണ് ശ്രീ. ഷാഫി പറമ്പിൽ? ഓട് പൊളിച്ചുവന്നതല്ല. രണ്ട് തവണ പാലക്കാട് നിന്ന് മികച്ച ഭൂരിപക്ഷത്തിൽ വിജയിച്ചുവന്നപ്പോൾ നിങ്ങൾക്ക് അവിടെ രണ്ടാം സ്ഥാനംപോലും നേടാൻ സാധിച്ചില്ല. നിങ്ങൾ അവിടെ മൂന്നാം സ്ഥാനത്തായി. ആ ഷാഫി പറമ്പിലാണ് വാളയാറിലെ വേദനിപ്പിക്കുന്ന വിഷയം സഭയുടെയും പൊതുസമൂഹത്തിന്റെയും

ശ്രദ്ധയിൽകൊണ്ടുവന്നതെന്ന് നമുക്ക് അറിയാം. അതിന്റെയടിസ്ഥാനത്തിൽ അവരെ നിശബ്ദരാക്കാൻ നിങ്ങൾ തീരുമാനിച്ചാൽ കേരളത്തിലെ പൊതുസമൂഹം അത് വകവച്ചുതരില്ല. വാളയാറിൽ കെ.എസ്.യു. ആദ്യമായിട്ടാണോ സമരം നടത്തുന്നത്. അവിടെ ആയിരക്കണക്കിന് വിദ്യാർത്ഥികൾ പങ്കെടുക്കുന്ന ലോംഗ് മാർച്ചടക്കമുള്ള പരിപാടികൾ നടത്തി. പി.എസ്.സി. വിഷയത്തിൽ പി.എസ്.സി.യിലേയ്ക്ക് രണ്ട് തവണ മാർച്ച് നടത്തി, നിരാഹാരസത്യഗ്രഹം നടത്തി. യൂണിവേഴ്സിറ്റി വിഷയം ഉയർത്തിപ്പിടിച്ച് കേരളാ സർവ്വകലാശാലയിലേയ്ക്കും എം.ജി. സർവ്വകലാശാലയിലേയ്ക്കും സമരം നടത്തി. ഈ നിലയിൽ വിദ്യാർത്ഥി വിഷയങ്ങളേറ്റെടുത്തുകൊണ്ടാണ് കെ.എസ്.യു. വിദ്യാർത്ഥി പ്രക്ഷോഭമായി മുന്നോട്ടുപോകുന്നത്. കേരള സർവ്വകലാശാലയിലെ മാർക്ക് തട്ടിപ്പ് അട്ടിമറിക്കാനല്ലേ ഗവൺമെന്റ് ശ്രമിക്കുന്നത്. ജില്ലാ തലത്തിലെ ജൂനിയർ ഉദ്യോഗസ്ഥരെ വച്ചുകൊണ്ടുള്ള ക്രൈംബ്രാഞ്ച് അന്വേഷണം മാത്രമാണ് അതിന്റെ പേരിൽ നടത്തുന്നത്. ഇത് സോഫ്റ്റ്‌വെയർ തകരാർ മാത്രമാണെന്ന് വരുത്തിത്തീർക്കാനാണ് സർവ്വകലാശാല ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഉത്തരക്കടലാസ് വിവാദം ലഘൂകരിക്കാനല്ലേ ഈ ഗവൺമെന്റ് ആദ്യം മുതൽ

ശ്രമിച്ചുകൊണ്ടിരുന്നത്. എൽ.ഡി.എഫ്. കൺവീനർ ശ്രീ. എ. വിജയരാഘവനടക്കം ആ രീതിയിലുള്ള പ്രസ്താവനകളല്ലേ നടത്തിയത്. സ്വർണ്ണക്കടത്തുകാരെ പിടിക്കുമ്പോൾ സർവ്വകലാശാല ഉത്തരക്കടലാസ് കിട്ടുന്നു.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്. ഇക്കാര്യം ഇന്നലെ പറഞ്ഞതല്ലേ.

ശ്രീ. വി. ടി. ബൽറാം: സർ, ഈ സഭയിലെ ഒരംഗത്തിന്റെ പ്രശ്നമാണ്. ഞാൻ കൂടുതൽ ദീർഘിപ്പിക്കുന്നില്ല. പി.എസ്.സി.യുടെ വിശ്വാസ്യത പ്രശ്നമാണ്. ശിവരഞ്ജിത്തുമാരും നസീമുമാരും ഈ സേനയിലേയ്ക്ക്, കേരളത്തിലെ സർക്കാർ സർവ്വീസിലേയ്ക്ക് കടന്നുകയറരുത് എന്നുള്ള വിഷയം ഉയർത്തിപ്പിടിച്ചുകൊണ്ടാണ് ആ സമരം നടത്തുന്നത്. അക്കാര്യത്തിൽ സമഗ്രമായ അന്വേഷണം വേണ്ടേ? എന്തിനെയാണ് ഈ ഗവൺമെന്റ് ചോരയിൽ മുക്കിക്കൊല്ലാൻ ശ്രമിക്കുന്നത്. ഞാൻ കൂടുതൽ ദീർഘമായി സംസാരിക്കുന്നില്ല. ഇവരുടെയൊക്കെ ടീഷർട്ടിൽ എഴുതിവച്ചിരിക്കുന്ന ചെഗുവേരയുടെ ഒരു വാചകമുണ്ട്, 'If you tremble with indignation at every injustice, then you are a comrade of mine'. ഓരോ അനീതിക്കെതിരെയും പ്രതികരിക്കുമ്പോഴാണ് നിങ്ങൾ സഖാവായി മാറുന്നത്. അങ്ങനെ

അനീതിയോട് മുഖം നോക്കാതെയുള്ള പ്രതികരണമല്ല ഇവരുടേത്, മറിച്ച് സെലക്ടീവ് പ്രതികരണങ്ങളാണ്. ജെ.എൻ.യു.-വിൽ വിദ്യാർത്ഥികളുടെ സമരം നടക്കുകയാണ്. ഇന്നലെ പാർലമെന്റിലടക്കം അതുമായി ബന്ധപ്പെട്ട അടിയന്തരപ്രമേയം അവതരിപ്പിക്കാൻ വന്നതിനെ ഞാൻ സന്തോഷത്തോടുകൂടി സ്വാഗതം ചെയ്യുകയാണ്. രാജ്യസഭയിൽ ആ അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയത് എസ്.എഫ്.ഐ.-യുടെ മുൻ അഖിലേന്ത്യാ നേതാവായ ശ്രീ. കെ. കെ. രാഗേഷ്, എം.പി.-യാണ്. എന്നാൽ ഇവിടത്തെ മുൻകാല എസ്.എഫ്.ഐ. നേതാക്കൾക്ക് കേരളത്തിൽ നടക്കുന്ന ഈ വിഷയങ്ങളെക്കുറിച്ച് ഒരു പ്രതികരണമെങ്കിലുമുണ്ടോ? ബഹുമാന്യനായ മന്ത്രി ഡോ. ടി. എം. തോമസ് ഐസക് ഇന്നലെ 7.22-ന് ഫേസ്ബുക്കിലിട്ട പോസ്റ്റ് ഞാൻ വായിച്ചു. അതിൽ അദ്ദേഹം പറയുന്നു - "ജെ.എൻ.യു. കുട്ടികളുടെ ചോര കൊണ്ടുചുവക്കുകയാണ് ദില്ലിയിലെ തെരുവുകൾ. ഒരു കാര്യം ഉറപ്പിച്ചു പറയാം. ഈ സമരത്തിന്റെ ലക്ഷ്യം കുട്ടികൾ നേടുക തന്നെ ചെയ്യും. കാരണം, അവരുടെ ഭാഗത്താണ് ന്യായവും നീതിയും. ഇവ രണ്ടിനും വേണ്ടി ലോകത്തു നടന്ന ഒരു വിദ്യാർത്ഥി സമരവും തോറ്റിട്ടില്ല. സർക്കാരിന്റെ പാരാമിലിറ്ററിയും സംഘപരിവാറിന്റെ മുഷ്ക്കും ഈ കുട്ടികൾക്ക് മുന്നിൽ അടി

പതറുക തന്നെ ചെയ്യും."  അദ്ദേഹം ഇന്നലെ 7.22-ന് ഫേസ്ബുക്ക് പോസ്റ്റിടുമ്പോൾ അദ്ദേഹത്തിന്റെ സഹപ്രവർത്തകൻ വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള ഒരു സമരത്തിന്റെ ഭാഗമായി തല തല്ലിപ്പൊളിക്കപ്പെട്ട് ആശുപത്രിയിൽ കിടക്കുകയാണ്. അദ്ദേഹം ഒരു ഒളിയമ്പ് എയ്യുതാണോ എന്ന് ഞങ്ങൾ സംശയിക്കുകയാണ്.  ആഭ്യന്തര വകുപ്പിനെതിരെ വിമർശനത്തിനുള്ള ഒരു സാദ്ധ്യത അദ്ദേഹം ഉപയോഗപ്പെടുത്തിയതാണോ എന്ന് ഞാൻ സംശയിക്കുകയാണ്. ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്.  ശ്രീ. നരേന്ദ്ര മോദിയും  ശ്രീ. പിണറായി വിജയനും ഒരേ പോലീസ് നയമാണ് ആവിഷ്കരിച്ച് കൊണ്ടിരിക്കുന്നത്. ഞങ്ങൾ പറഞ്ഞതല്ല. സി.പി.ഐ.-യുടെ നേതാവ് ശ്രീ. കാനം രാജേന്ദ്രൻ പറഞ്ഞത്, പോലീസ് റിപ്പോർട്ട് അതുപോലെ വിശ്വസിക്കുന്ന കമ്മ്യൂണിസ്റ്റുകാരെ എനിക്ക് ഒരു ബഹുമാനവുമില്ലെന്നാണ്.  അങ്ങ് ഇപ്പോൾ വായിക്കുന്ന ഈ പോലീസ് റിപ്പോർട്ടിനെക്കുറിച്ചാണ്; ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ നിരന്തരം ആവർത്തിക്കാറുള്ള പോലീസ് റിപ്പോർട്ടിനെക്കുറിച്ചാണ് ശ്രീ. കാനം രാജേന്ദ്രൻ പറഞ്ഞത്.  ഈയടുത്ത ദിവസം ഒരു പത്രപ്രവർത്തകൻ ഫേസ്ബുക്കിൽ ഒരു പോസ്റ്റിട്ടത് എനിക്ക് വളരെ കൗതുകപരമായി തോന്നി.  അദ്ദേഹം മുൻ

എസ്.എഫ്.ഐ.-ക്കാരൻ കൂടിയാണ്. ഇവിടത്തെ മുഖ്യമന്ത്രിയെയും ഡി.ജി.പി.-യെയും ഉദ്ദേശിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു. ഇവർ തമ്മിൽ നേരിട്ടു കാണുമ്പോൾ ആര് ആരെയായിരിക്കും സല്യൂട്ട് ചെയ്യുക. അതിനു താഴെ രസികനായ മറ്റൊരാൾ അതിന് കമന്റിട്ടു. ഇവർ രണ്ടുപേരും ചേർന്ന് ചുവരിൽ തൂക്കിയിരിക്കുന്ന ശ്രീ. നരേന്ദ്ര മോദിയുടെ ഫോട്ടോ നോക്കിയായിരിക്കും സല്യൂട്ട് ചെയ്യുകയെന്ന്. ശ്രീ. നരേന്ദ്ര മോദിയുടെയും ശ്രീ. അമിത് ഷായുടെയും പോലീസ് നയമാണ് ശ്രീ. പിണറായി വിജയനും ഈ ഗവൺമെന്റും ആവർത്തിക്കുന്നത്. ഇവിടെ ഈ സമരം സ്വന്തം ഭാര്യയ്ക്കും പെങ്ങൾക്കും സർക്കാർ ജോലി വാങ്ങി കൊടുക്കാൻ വേണ്ടിയിട്ടുള്ളതല്ല. രക്തസാക്ഷികളെ സൃഷ്ടിച്ച് അവരുടെ അനുസ്മരണ ദിവസങ്ങളിൽ ചൂണ്ടയേറ് മത്സരം നടത്താനല്ല ഞങ്ങൾ സമരം നടത്തിയത്. ഇവിടെ ദളിത് പെൺകുട്ടികളുടെ നീതിക്കുവേണ്ടിയുള്ള; ചെറുപ്പക്കാരുടെ തൊഴിലവസരങ്ങൾക്കുവേണ്ടിയുള്ള; വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട മാർക്ക് ലഭിക്കേണ്ട വിഷയമാണ്. ഞാൻ അവസാനിപ്പിക്കുന്നു. ഒരു വിരൽ അറ്റുപോയാലും നിങ്ങളുടെ നെറികേടുകൾക്കെതിരെ ചൂണ്ടാൻ നൂറുവിരലുകൾ ഈ നാട്ടിലുയർന്നു വരും. ഒരു തല നിങ്ങൾ തല്ലിപ്പൊളിച്ചാൽ ഈ നീതി നിഷേധങ്ങൾക്കെതിരെ

ഗർജ്ജിക്കുന്ന ആയിരം ശിരസ്സുകൾ ഇവിടെ ഉയർന്നു വരും. അതുകൊണ്ട് ഈ പോലീസ് ഉദ്യോഗസ്ഥരെ അടിയന്തരമായി സസ്പെന്റ് ചെയ്യണം. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, എല്ലാവർക്കും സമാധാനപൂർണ്ണമായ ഒരു ജീവിതമുണ്ടാകുക എന്നതാണ് ഈ നാടിന്റെ വികസനത്തിന് അത്യന്താപേക്ഷിതമായിട്ടുള്ളത്. ഈ നാടിന്റെ സമഗ്ര വികസനം ലക്ഷ്യം വച്ചുകൊണ്ട്; എല്ലാവരുടെയും ഉയർച്ചയെ ലക്ഷ്യം വച്ചുകൊണ്ട് പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റാണ് ഇന്ന് കേരളത്തിലുള്ളത്. ഞങ്ങൾ പരിശ്രമിക്കുന്നതും അത്തരമൊരു പൊതു അന്തരീക്ഷം കേരളത്തിൽ സൃഷ്ടിച്ചെടുക്കാനാണ്. അതിനുതകുന്ന ഒരു പോലീസ് നയമാണ് കേരളത്തിലെ പിണറായി വിജയൻ ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ജനങ്ങളുടെ സ്വൈര്യജീവിതമാണ് പരമപ്രധാനം. ഈ കാര്യത്തിൽ ഒരുവിധ അനാസ്ഥയും ഒരു തലത്തിലുമുണ്ടാകാൻ അനുവദിക്കുന്ന പ്രശ്നമേയില്ല. സമാധാനപരമായ

ജീവിതത്തിന് തടസ്സം സൃഷ്ടിക്കുന്ന രീതികളെ ഇല്ലാതാക്കുക എന്നതാണ് ഈ സർക്കാരിന്റെ നയം. ഈ കാര്യത്തിൽ വ്യക്തമായ നിർദ്ദേശം പോലീസിന് നൽകിയിട്ടുണ്ട്. ഇതിനർത്ഥം പോലീസിനെ കയറൂരി വിടുന്നു എന്നതല്ല, നിയന്ത്രിക്കേണ്ടത് കർശനമായി നിയന്ത്രിച്ചിട്ടുണ്ട്. നിയന്ത്രിച്ചുകൊണ്ടേയിരിക്കുന്നുണ്ട്. നടപടിയെടുക്കേണ്ടിടത്ത് നടപടിയെടുത്തും സർക്കാർ മുന്നോട്ടുപോകുകയാണ്. പോലീസ് സേനയിൽ ആരുടെയും വഴിവിട്ട ഒരു നീക്കവും അനുവദിക്കുന്നതല്ല. തെറ്റായ നടപടി പോലീസിന്റെ ഭാഗത്തുനിന്നുണ്ടാകുന്നത് അനുവദിച്ചുകൊടുക്കുന്ന പ്രശ്നവുമില്ല. ജനാധിപത്യപരമായ പ്രതിഷേധങ്ങളെ അടിച്ചമർത്തുന്ന നടപടി ഈ ഗവൺമെന്റ് ഒരു തരത്തിലും സ്വീകരിക്കുകയില്ല. അത് ഗവൺമെന്റിന്റെ നയവുമല്ല. ആ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് ഈ സർക്കാർ പ്രവർത്തിക്കുന്നത്. പോലീസിന്റെ ഭാഗത്തുനിന്ന് അതിക്രമമുണ്ടായാൽ അത് അനുവദിച്ചുകൊടുക്കുന്ന പ്രശ്നമില്ല. ആഭ്യന്തര സുരക്ഷ, സേവന കർമ്മരംഗം എന്നീ മേഖലകളിൽ ടെക്നോളജി അധിഷ്ഠിത മുന്നേറ്റം സാദ്ധ്യമാക്കുകയാണ് കേരള പോലീസ്. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷാകാര്യങ്ങൾ ഉറപ്പാക്കാൻ പുതിയ ടെക്നോളജിയുടെ സഹായത്തോടുകൂടി കർമ്മപരിപാടികൾ

ആവിഷ്ക്കരിക്കുകയാണ്. ജാഗ്രതയോടെ നിൽക്കുന്ന പോലീസ് സേനയാണ് ക്രമസമാധാന പരിപാലനത്തിന് സംസ്ഥാന സർക്കാരിന് ആവശ്യമായിട്ടുള്ളത്. ജനപ്രതിനിധികൾക്ക് പരിക്കേൽക്കുന്ന സ്ഥിതി ഒരു കാലത്തുമുണ്ടാകരുത്. അതുണ്ടാകാതിരിക്കാനുള്ള നിതാന്തജാഗ്രത സർക്കാരിന്റെ ഭാഗത്തുനിന്നുണ്ട്. എം.എൽ.എ.-മാർക്ക് മർദ്ദനമേറ്റ സംഭവങ്ങളുണ്ടായ ഘട്ടങ്ങളിൽ, കഴിഞ്ഞ സർക്കാർ സ്വീകരിച്ച നിലപാടല്ല ഈ സർക്കാരിന്റേത്. സഭയിലെ അംഗമായിരുന്ന ശ്രീ. വി. ശിവൻകുട്ടിക്ക്, 'പ്രകടനക്കാരുടെ കല്ലേറിൽ പരിക്ക് പറ്റിയെന്നാണ് പത്രറിപ്പോർട്ടിൽ തന്നെ കാണുന്നത് ' എന്നും 'പരിക്കേറ്റ എം.എൽ.എ. ആക്രമിക്കാൻ പുറപ്പെട്ടുവെന്ന്' മറുപടി നൽകാനാണ് അന്നത്തെ ആഭ്യന്തരമന്ത്രിയായ ഇന്നത്തെ പ്രതിപക്ഷനേതാവ് തയ്യാറായത്. ബഹുമാനപ്പെട്ട എം.എൽ.എ. കൊടുത്ത ആ പരാതി ആഭ്യന്തര വകുപ്പുമന്ത്രിക്ക് കൈമാറിയിട്ടുണ്ടെന്ന കാര്യമാണ് സഭയിൽ അന്ന് പറഞ്ഞത്. എം.എൽ.എ.-മാർക്ക് മർദ്ദനമേറ്റ സംഭവങ്ങളുണ്ടായ ഘട്ടങ്ങളിലെല്ലാം ഇത്തരമൊരു നിലപാടായിരുന്നു യു.ഡി.എഫ്.-ന്റെ ഭാഗത്തു നിന്നുണ്ടായിരുന്നത്. ഞാൻ സഭയിൽ അംഗമായിരുന്നപ്പോൾ പോലീസ് അടിച്ചിട്ട് എന്റെ പുറത്ത് ഒരു തൊലിയുമുണ്ടായിരുന്നില്ല. അന്ന് യു.ഡി.എഫ്.

ന്റെ ഭരണകാലത്ത് സഭയിൽ മുഖ്യമന്ത്രിയുടെ മുമ്പിൽ വച്ച് എന്റെ ഷർട്ടഴിച്ച്, ബനിയനഴിച്ച് ഞാൻ അദ്ദേഹത്തെ കാണിച്ചു. എന്റെ പുറത്ത് തൊലിയുണ്ടായിരുന്നില്ല. ഇതെല്ലാം ഈ കേരളത്തിൽ ഉണ്ടായിട്ടുണ്ട്. അതൊന്നും ഈ ഗവൺമെന്റ് അനുവദിക്കുന്ന പ്രശ്നമേയില്ല. ഇത്തരമൊരു നിലപാടുണ്ടാകാൻ പാടില്ലെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. അതുകൊണ്ടുതന്നെ ശരിയായ രീതിയിൽ പരിശോധന നടത്തി.... (ബഹളം).....ഞാൻ പറയുന്നത് മുഴുവൻ കേൾക്കൂ. കേട്ടതിനുശേഷം പറയൂ..... (ബഹളം).....

<u>മി. സ്പീക്കർ</u>: ശ്രീ. എൽദോ എബ്രഹാം, അവിടെ ഇരിക്കൂ. ....(ബഹളം) .... അവർ എഴുന്നേറ്റ് നിന്നപ്പോൾ നിങ്ങൾ പ്രകോപിതരായില്ലേ? ഇപ്പോൾ നിങ്ങൾ കാണിക്കുന്നതെന്താണ്? ഇത് ശരിയല്ല, അവർ എഴുന്നേറ്റ് നിന്നപ്പോൾ നിങ്ങൾ ആവശ്യപ്പെട്ടു, ഞാൻ അവരോട് ഇരിക്കാൻ പറഞ്ഞു. ഇപ്പോൾ നിങ്ങൾ അതുതന്നെ ചെയ്താലോ? പ്ലീസ്...പ്ലീസ്... ഇരിക്കൂ.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, ശരിയായ രീതിയിൽ കാര്യങ്ങൾ പരിശോധിച്ച് വീഴ്ച വരുത്തിയെന്ന് കണ്ടാൽ ഉദ്യോഗസ്ഥർക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കും. അതാണ് ഈ സർക്കാരിന്റെ നയം. അതിന്

അടിസ്ഥാനമായി ഗവൺമെന്റ് ഒരു അന്വേഷണം നടത്താൻ തീരുമാനിച്ചുകഴിഞ്ഞിരിക്കുകയാണ്. സേവനോന്മുഖവും ജനസൗഹൃദപരവുമായ ഒരു സംസ്കാരം പോലീസ് മുമ്പോട്ടുവയ്ക്കണമെന്നതാണ് ഗവൺമെന്റ് നൽകിയിട്ടുള്ള നിർദ്ദേശം. ഇവിടെ പരീക്ഷാ ക്രമക്കേടുകളെക്കുറിച്ച് പറഞ്ഞു. കാസർഗോഡ് ജില്ലയിലെ സിവിൽ പോലീസ് ഓഫീസർമാരുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പരീക്ഷയിൽ ക്രമക്കേടുണ്ടായി എന്ന കേസിൽ ക്രൈം ബ്രാഞ്ച് അന്വേഷണം ഊർജ്ജിതമായി നടന്നുവരികയാണ്. പ്രതികളെ എല്ലാവരെയും തിരിച്ചറിഞ്ഞ് പോലീസ് കസ്റ്റഡിയിൽ വാങ്ങി തെളിവെടുപ്പ് നടത്തിയിരുന്നു. കേസിന്റെ ഏറ്റവും പ്രധാനപ്പെട്ട തെളിവ് എന്ന നിലയിൽ പരീക്ഷാസമയത്ത് ഉപയോഗിച്ചുവെന്ന് കരുതുന്ന ഇലക്ട്രോണിക് ഉപകരണങ്ങളുടെ ശാസ്ത്രീയ പരിശോധന റിപ്പോർട്ടിനുവേണ്ടി കാത്തിരിക്കുകയാണ്. യൂണിവേഴ്സിറ്റിയുടെ പരീക്ഷാ ക്രമക്കേട് സംബന്ധിച്ച ആരോപണത്തിന്മേൽ യൂണിവേഴ്സിറ്റിയുടെ അധികാരികൾ ആവശ്യപ്പെട്ടതിനെ തുടർന്ന് ക്രൈം ബ്രാഞ്ച് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. ഇവിടെ ഉന്നയിക്കപ്പെട്ടിട്ടുള്ള എല്ലാ പ്രശ്നങ്ങളും ഈ സഭയിൽ നിരവധി തവണ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതാണ്. വാളയാറിന്റെ പ്രശ്നമായാലും അതുപോലെ

സർവ്വകലാശാല, പി.എസ്.സി. പ്രശ്നമായാലും ഇവിടെ ചർച്ച ചെയ്തിട്ടുള്ളതാണ്. ഈ മാസം 25-ാം തീയതി കൂത്തുപറമ്പ് രക്തസാക്ഷി ദിനമാണ്. അഞ്ച് ചെറുപ്പക്കാർ വെടിയേറ്റ് മരിച്ച സംഭവം ഓർക്കുന്നത് നല്ലതാണ്. ഇവിടെ ബഹുമാന്യനായ വി. ടി. ബൽറാം ചെഗുവേരയെ സ്മരിച്ചത് നന്നായി. ചെഗുവേരയുടെ ആരാധകനായതിൽ ഞാൻ അങ്ങേയറ്റം സന്തോഷിക്കുന്നു. ഇവിടെ അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ട്. ആ റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ മറ്റ് കാര്യങ്ങളിൻമേൽ നടപടി സ്വീകരിക്കാൻ സാധിക്കൂ. ഗവൺമെന്റിന് മുമ്പാകെ ലഭിക്കുന്ന റിപ്പോർട്ട് പോലീസ് നൽകുന്നതാണ്. ആ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തിയാണ് ഗവൺമെന്റ് നിലപാട് സ്വീകരിക്കുന്നത്. ഇവിടെ അപ്പുറത്തിരിക്കുന്ന ഗവൺമെന്റ് ഭരണരംഗത്ത് ഉണ്ടായിരുന്നില്ലേ? ഏത് റിപ്പോർട്ടാണ് സ്വീകരിച്ചിരുന്നത്. അതുകൊണ്ട് പോലീസ് റിപ്പോർട്ട് തന്നെയാണ് ഗവൺമെന്റിന്റെ ഭാഗമായി വരുന്നത്. ഇതിനെയെല്ലാം പരിശോധിച്ചു കൊണ്ടുള്ള നിലപാടാണ് സ്വീകരിക്കുന്നത്.

ശ്രീ. പി. ടി. തോമസ്: സർ, ഈ സഭയിലെ ബഹുമാന്യനായ എം.എൽ.എ.-യുടെ തല തല്ലിപ്പൊട്ടിച്ച്, നിന്റെ എം.എൽ.എ.യ്ക്ക് മതിയായില്ലേടാ എന്ന് അക്രോശിച്ച എ.സി.പി., സുനീഷ് ബാബുവിനെപ്പറ്റി

യാതൊരു ആശങ്കയുമില്ലാത്ത ഡി.ജി.പി., സ്വന്തം ഭാര്യയുടെ യാത്ര സുഗമമായില്ലായെന്ന് പറഞ്ഞ് ആശങ്കപ്പെട്ടത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, തെറ്റായ വാർത്തകൾ പ്രസിദ്ധീകരിക്കുന്നത് ഏറ്റെടുത്ത് കാര്യങ്ങൾ മനസ്സിലാക്കാതെ ഇത്തരത്തിൽ സഭയിൽ ഉന്നയിക്കരുത്. ബഹുമാനപ്പെട്ട അംഗം ഇക്കാര്യം പരിശോധിച്ചിട്ട് പറയൂ. കേരളത്തിലെ ഉന്നതനായ പോലീസ് ഉദ്യോഗസ്ഥനെ ആക്ഷേപിക്കുക; അടിസ്ഥാനരഹിതമായിട്ടുള്ള, കുടുംബപരമായ കാര്യങ്ങളെക്കുറിച്ചാണ് നിങ്ങൾ പരാമർശിക്കുന്നതെന്ന് ഓർക്കണം. ഡി.ജി.പി.യെയോ, ലാ ആന്റ് ഓർഡറിനെയോക്കുറിച്ചല്ല നിങ്ങൾ പറയുന്നത്. അത് നിങ്ങളും ആലോചിക്കണം. ഇക്കാര്യങ്ങളിലൊക്കെ കുറേക്കൂടി ശരിയായ നിലപാട് സ്വീകരിക്കാൻ സാധിക്കണമെന്നുള്ളതാണ് എനിക്ക് ഇവിടെ ചൂണ്ടിക്കാണിക്കാനുള്ളത്. എം.എൽ.എ.മാർക്ക് മുമ്പും മർദ്ദനം ഉണ്ടായിട്ടുണ്ട്. ഒരുകാലത്തും പൊതുപ്രവർത്തകർക്കും എം.എൽ.എ.മാർക്കും ഇത്തരം സംഭവങ്ങൾ ഉണ്ടാകുന്നതിൽ സന്തോഷിക്കുന്നവരല്ല, ദുഃഖിക്കുന്നവരാണ് ഞങ്ങൾ. അത്തരം സംഭവങ്ങൾ ഉണ്ടാകാൻ പാടില്ല. കാരണം, ഇതെല്ലാം

അനുഭവിച്ചവരാണ് ഞങ്ങൾ എന്നുള്ളതുകൊണ്ട് തന്നെ അത് ഉണ്ടാകാതിരിക്കാനുള്ള ജാഗ്രത ഈ ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്. ഇതിനെല്ലാം ദൃക്സാക്ഷിയായിട്ടുള്ള ശ്രീ. കെ. എസ്. ശബരീനാഥൻ ഇവിടെയുണ്ട്. അദ്ദേഹത്തിന് അറിയാം. ശ്രീ. കെ. എസ്. ശബരീനാഥനും ഷാഫി പറമ്പിലും പോലീസുമായി സംസാരിച്ച് ഞങ്ങളെ അറസ്റ്റ് ചെയ്ത് കൊണ്ടുപോകണമെന്ന് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ അറസ്റ്റ് ചെയ്ത് നീക്കാനാണ് ശ്രമിച്ചത്. ഒരു തരത്തിലുമുള്ള സംഘർഷം ഉണ്ടാക്കാനല്ല. ഇവരുടെ കൂടി നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ടാണ് അവിടെ ഇത്തരമൊരു നിലപാട് സ്വീകരിച്ചത്. അതുകൊണ്ട് ഈ സംഭവം സംബന്ധിച്ച് സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു ആവശ്യവുമില്ലായെന്നാണ് അറിയിക്കാനുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഈ സഭയിൽ ഇപ്പോൾ നമ്മളോടൊപ്പം ഉണ്ടായിരിക്കേണ്ടിയിരുന്ന പാലക്കാട് എം.എൽ.എ. ശ്രീ. ഷാഫി പറമ്പിലിനെയാണ് ഇന്നലെ പോലീസ് അതിക്രൂരമായി മർദ്ദിച്ചത്. എം.എൽ.എ. അല്ല സാധാരണക്കാരനാണെങ്കിൽ പോലും അതിക്രൂരമായി പോലീസ് മർദ്ദിക്കുന്ന നടപടിയോട് നമുക്കാർക്കും യോജിക്കുവാൻ കഴിയില്ല. മുഖ്യമന്ത്രിക്കുവേണ്ടി ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ മറുപടി കേട്ടപ്പോൾ കുട്ടികൾ പോലീസിനെയാണ് മർദ്ദിച്ചതെന്ന് തോന്നത്തക്ക നിലയിലാണ് പറഞ്ഞത്. ഏതെങ്കിലും ഒരു പോലീസുകാരൻ മർദ്ദനമേറ്റ് ആശുപത്രിയിൽ അഡ്മിറ്റായിട്ടുണ്ടോ; ആർക്കെങ്കിലും ഒരു പോറലേറ്റിട്ടുണ്ടോ; 10-15 ചെറുപ്പക്കാർ സമരം ചെയ്തതിന്റെ പേരിൽ പോലീസിന്റെ ഭീകരമായ മർദ്ദനത്തിനിരയായി മെഡിക്കൽ കോളേജിലും മറ്റ് സ്വകാര്യ ആശുപത്രികളിലും കിടക്കുന്നത് ഇന്നലെ വൈകുന്നേരം ഞാൻ നേരിട്ട് പോയി കണ്ടതാണ്. ഇത്രയും വലിയ ഭീകരമായ പോലീസ് താണ്ഡവത്തിനുള്ള എന്ത് സാഹചര്യമാണ് ഉണ്ടായത്? ഒരു വലിയ പ്രക്ഷോഭം നടക്കുമ്പോൾ അക്രമാസക്തരാകുന്ന ജനക്കൂട്ടത്തിന് നേരെ പോലീസ് ചിലപ്പോൾ ടിയർ ഗ്യാസ് പ്രയോഗിക്കും, ഗ്രനേഡ് എറിയും ആളുകളെ പിരിച്ചുവിടാൻ വേണ്ടി

പോലീസ് ലാത്തി വീശാറുമുണ്ട്. എന്നാൽ അത്തരത്തിലുള്ള യാതൊരു സംഭവവും ഇവിടെ ഉണ്ടായില്ല. ശ്രീ. പി. ടി. തോമസ് എം.എൽ.എ. ആണ് പ്രതിഷേധ ധർണ്ണ ഉദ്ഘാടനം ചെയ്തത്. അതിനുശേഷം ശ്രീ. ഷാഫി പറമ്പിലും ശ്രീ. കെ. എസ്. ശബരീനാഥനും സംസാരിച്ച് കഴിഞ്ഞപ്പോൾ കുട്ടികളെ പോലീസ് അറസ്റ്റ് ചെയ്ത് മാറ്റുകയായിരുന്നു. അറസ്റ്റ് ചെയ്ത് മാറ്റുന്നതിനിടയിൽ കെ.എസ്.യു. സംസ്ഥാന പ്രസിഡന്റ് കെ. എം. അഭിജിത്ത് ഉൾപ്പെടെയുള്ളവരെ വാനിൽ കയറ്റി കൊണ്ടുപോകുന്ന വേളയിൽ കുറച്ച് കുട്ടികൾ വാഹനം തടയാൻ ശ്രമിച്ചു. മുദ്രാവാക്യം വിളിച്ച് വാഹനത്തെ തടയാൻ ശ്രമിക്കുന്നത് സമരത്തിന്റെ ഭാഗമായി ഉണ്ടാകുന്നതാണ്. കേരളത്തിൽ ആദ്യമായിട്ടല്ല വിദ്യാർത്ഥി സമരം ഉണ്ടാകുന്നത്. ആ സന്ദർഭത്തിൽ കുട്ടികളെ വളഞ്ഞിട്ട് തല്ലുന്നത് കണ്ടിട്ടാണ് ശ്രീ. ഷാഫി പറമ്പിൽ അവിടെ എത്തിയത്. അവിടെയെത്തി കുട്ടികളെ അടിക്കരുതെന്ന് പറഞ്ഞപ്പോഴാണ് ശ്രീ. ഷാഫി പറമ്പിലിന് അതിക്രൂരമായ മർദ്ദനമുണ്ടായത്. ഒരു എം.എൽ.എ.-യുടെ കൈ കടിച്ച് മുറിച്ചത് എത്രമാത്രം അപമാനകരമായ സംഭവമാണ്. ഇത് പോലീസിന് ചേർന്ന നടപടിയാണോ? കുട്ടിയെ മർദ്ദിക്കുന്നത് കണ്ടപ്പോൾ അയാളെ പിടിച്ചപ്പോഴാണ് എം.എൽ.എ.-യുടെ കൈ കടിച്ച് മുറിച്ചത്. ഇത് എന്ത്

ന്യായമാണ്. ഒരു എം.എൽ.എ.യ്ക്ക് നേരെ ഭീകരമായ പോലീസ് മർദ്ദനമുണ്ടായിട്ടും ആശുപത്രിയിൽ കൊണ്ടുപോകാൻ പോലീസ് തയ്യാറാകാതെ എ.ആർ. ക്യാമ്പിലേയ്ക്ക് കൊണ്ടുപോവുകയാണ് ചെയ്തത്. പോലീസ് ക്രൂരമായി മർദ്ദിച്ച ശ്രീ. ഷാഫി പറമ്പിൽ എം.എൽ.എ.-യെ ആശുപത്രിയിൽ കൊണ്ടുപോകാതെ നന്ദാവനം പോലീസ് ക്യാമ്പിൽ കൊണ്ടുപോയതിൽ പ്രതിഷേധിച്ച് സഭാനടപടികൾ ബഹിഷ്കരിച്ചാണ് എം.എൽ.എ.മാർ നന്ദാവനം പോലീസ് ക്യാമ്പിലേയ്ക്ക് പോകുന്നത്. പ്രതിപക്ഷ ഉപനേതാവ് ഡോ. എം. കെ. മുനീറിന്റെ വാഹനത്തിൽ എം.എൽ.എ. എന്ന ബോർഡ് ഉണ്ടായിട്ടുപോലും എ.ആർ. ക്യാമ്പിൽ വച്ച് ഒരു പോലീസ് ഉദ്യോഗസ്ഥൻ തടഞ്ഞു. പോലീസ് ഉദ്യോഗസ്ഥൻ വാഹനം അകത്തേയ്ക്ക് കടത്തിവിട്ടില്ല. വാഹനത്തിന്റെ മുൻവശത്തെ ഗ്ലാസ് കൈ കൊണ്ട് അടിച്ചിട്ട് നിങ്ങൾ എം.എൽ.എ. ആണോയെന്ന് ചോദിക്കുകയാണ്. 23 വർഷം എം.എൽ.എ.യും രണ്ട് തവണ മന്ത്രിയുമായ പ്രതിപക്ഷ ഉപനേതാവായ ഡോ. എം. കെ. മുനീറിനോട് നിങ്ങൾ എം.എൽ.എ. ആണോയെന്ന് ചോദിക്കുകയാണ്. എം.എൽ.എ. എന്ന ബോർഡ് വച്ചിട്ടുണ്ട്. ഈ അനുഭവം നാളെ നിങ്ങൾക്കും ഉണ്ടാകും. നിങ്ങൾ ബഹളം വയ്ക്കേണ്ട. ഡോ. എം. കെ. മുനീറിനുണ്ടായ അനുഭവം ഇതാണ്.

പ്രതിപക്ഷ ഉപനേതാവ് ചെന്നതിനു ശേഷമാണ് ശ്രീ. ഷാഫി പറമ്പിൽ എം.എൽ.എ.യെ മെഡിക്കൽ കോളേജിൽ എത്തിക്കുന്നത്. എം.എൽ.എ.യുടെ തലപൊട്ടി ചോരയൊലിച്ച് നിന്ന സന്ദർഭത്തിലാണ് മെഡിക്കൽ കോളേജിലേയ്ക്ക് കൊണ്ടുപോയതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ശരിയല്ല. അവിടെ നിന്ന് നേരെ നന്ദാവനം എ.ആർ. ക്യാമ്പിലേയ്ക്കാണ് കൊണ്ടുപോയത്. വാസ്തവത്തിൽ അവിടെ നിന്നുതന്നെ ആശുപത്രിയിലേയ്ക്ക് കൊണ്ടു പോകേണ്ടതായിരുന്നു. പക്ഷേ, കൊണ്ടുപോയില്ല. ഇന്നലെ പരിക്കേറ്റ മുഴുവൻ കുട്ടികളെയും ഞാൻ കണ്ടു. അദ്ദേഹത്തിന്റെ ശരീരത്തിൽ പോലീസ് മർദ്ദനത്തിന്റെ ഫലമായുണ്ടായ പാടുകളെപ്പറ്റി പറഞ്ഞു. ഈ കുട്ടികളുടെ ശരീരത്തിൽ മുഴുവനും ലാത്തിയുടെ കനത്ത പാടുകളാണ് ഇന്നലെ എനിക്ക് കാണാൻ കഴിഞ്ഞത്. ഇതുപോലെ അവരെ വളഞ്ഞിട്ട് അക്രമിക്കേണ്ട എന്ത് കാര്യമാണുള്ളത്? കെ.എസ്.യു.വിന്റെ സംസ്ഥാന പ്രസിഡന്റിനെ എത്ര പോലീസുകാർ ചേർന്നാണ് വളഞ്ഞിട്ട് അടിക്കുന്നത്. അവിടെ പൊതുമുതൽ നശിപ്പിക്കുകയോ, വാഹനങ്ങൾക്ക് കേടുപാടുകൾ സംഭവിക്കുകയോ, പോലീസിന്റെ വാഹനം തീവയ്ക്കുകയോ, പോലീസുകാരെ കല്ലെറിയുകയോ തുടങ്ങിയ ഒരു സംഭവവും ഉണ്ടായിട്ടില്ല. ഒരു കാരണവുമില്ലാതെ ശ്രീ. കെ. എം.

അഭിജിത്തിനെയും ശ്രീ. ഷാഫി പറമ്പിലിനെയും വളഞ്ഞിട്ടടിക്കാനുള്ള സാഹചര്യം സൃഷ്ടിച്ചത് എന്തിനാണ്? പോലീസുദ്യോഗസ്ഥന്മാർ വിചാരിച്ചിരുന്നുവെങ്കിൽ നിസാരമായി തീരേണ്ട സംഭവമായിരുന്നു. വളരെ ക്രൂരമായ മനോഭാവമുള്ള പോലീസുദ്യോഗസ്ഥന്മാർ രാഷ്ട്രീയ താൽപ്പര്യം വച്ച് തങ്ങളുടെ യജമാനന്മാർക്ക് ദാസ്യപണി ചെയ്യുകയാണ്. അല്ലെങ്കിൽ ഇങ്ങനെയൊരു സാഹചര്യം ഉണ്ടാകുമായിരുന്നില്ല, ഒരു എം.എൽ.എ.-യ്ക്ക് ഈ അവസ്ഥ ഉണ്ടാകുമായിരുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യം അന്വേഷിക്കുമെന്ന് പറഞ്ഞു. ആ പോലീസുകാരെ സസ്പെന്റ് ചെയ്തുകൊണ്ടുള്ള അന്വേഷണം മാത്രമേ ഞങ്ങൾക്ക് സ്വീകാര്യമുള്ളൂ. ഇ.എം.എസ്. 1970-ൽ നടത്തിയ പ്രസംഗം എന്റെ കയ്യിലുണ്ട്. സമയമില്ലാത്തതുകൊണ്ട് ഞാൻ വായിക്കുന്നില്ല. ഇ.എം.എസ്. അന്ന് പ്രതിപക്ഷ നേതാവായിരുന്ന സമയത്ത് പറഞ്ഞത്, പോലീസ് ഉദ്യോഗസ്ഥന്മാരെ സസ്പെന്റ് ചെയ്തുകൊണ്ടായിരിക്കണം നീതിപൂർവ്വമായ അന്വേഷണം നടക്കേണ്ടതെന്നാണ്. അദ്ദേഹത്തിന്റെ വാക്കുകൾ ഞാൻ ക്വാട്ട് ചെയ്യുന്നു. ബഹുമാനപ്പെട്ട മന്ത്രി ഇ. പി. ജയരാജന് മർദ്ദനമേറ്റ കാര്യം അദ്ദേഹം ഇവിടെ പറഞ്ഞു. അങ്ങനെയുള്ള അദ്ദേഹം പോലീസിന്റെ ഈ ക്രൂരമായ നടപടിയെ ന്യായീകരിക്കാൻ പാടില്ലായിരുന്നു.

ഇതുതന്നെയാണ് ശ്രീ. നരേന്ദ്ര മോദിയും ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിൽ ചെയ്യുന്നത്. ശ്രീ. നരേന്ദ്ര മോദി ചെയ്യുന്ന കാര്യംതന്നെ ശ്രീ. പിണറായി വിജയൻ കേരളത്തിൽ ചെയ്തുകൊണ്ടിരിക്കുന്നുവെന്നാണ് കാണാൻ കഴിയുന്നത്. ഇവർ രണ്ടുപേരും ഒരേ തൂവൽപക്ഷികളായി മാറിയിരിക്കുന്നു. ഏഴ് മാവോയിസ്റ്റുകളെ വെടിവച്ച് കൊന്നപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഒരു കുറ്റബോധംപോലുമില്ലായിരുന്നു. ഒരു ഖേദപ്രകടനം പോലും മുഖ്യമന്ത്രി നടത്തിയില്ല. കുട്ടികളെ ഭീകരമായി പോലീസ് മർദ്ദിച്ചിട്ട് ഇവിടെ പോലീസ് നയത്തെ പിന്തുണയ്ക്കുകയാണ്. ശ്രീ. ഷാഫി പറമ്പിലിന്റെ കാര്യം വിടാം. ശ്രീ. എൽദോ എബ്രഹാം എന്നൊരു എം.എൽ.എ. ഇവിടെയുണ്ടല്ലോ. അദ്ദേഹത്തെ എറണാകുളത്തുവച്ച് പോലീസ് ഭീകരമായി മർദ്ദിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ കൈ അടിച്ചൊടിച്ചതിൽ ശ്രീ. കാനം രാജേന്ദ്രന് ദുഃഖമുണ്ടായില്ലെങ്കിലും ഞങ്ങൾക്കൊക്കെ ദുഃഖമുണ്ടായി. ഞാൻ അദ്ദേഹത്തെ കാണാൻ പോയില്ല, ഫോൺ വിളിച്ച് വിവരങ്ങൾ അന്വേഷിച്ചു. കാരണം കുറച്ച് കൂടിപ്പോകുമെന്ന് കരുതി ഞാൻ കാണാൻ പോയില്ല. ഭരണകക്ഷി എം.എൽ.എ. ആയ ശ്രീ. എൽദോ എബ്രഹാമിനുപോലും ഇതാണ് സ്ഥിതിയെങ്കിൽ പിന്നെ ഈ നാടിന്റെ സ്ഥിതിയെന്താണ്? ശ്രീ. ഇ. പി.

ജയരാജൻ, നിങ്ങൾ പോലീസിനെ ടെക്നോളജി പഠിപ്പിക്കുന്നത് ഇങ്ങനെയാണോ? ശ്രീ. എൽദോ എബ്രഹാമിനെ ഭീകരമായി മർദ്ദിച്ച ഏതെങ്കിലും പോലീസുകാരുടെ പേരിൽ നടപടിയെടുത്തോ? ഒരു എസ്.ഐ.-യെ മാറ്റിയെന്ന് പറയുന്നത് കേട്ടു.

ശ്രീ. അൻവർ സാദത്ത്: സർ, ബഹുമാനപ്പെട്ട സ്പീക്കർ എന്തെങ്കിലും ചെയ്തോ? സ്പീക്കറും നടപടിയൊന്നും എടുത്തില്ല. (.....ബഹളം....)

മി. സ്പീക്കർ: സഭയുടെ മേശപ്പുറത്ത് മിനിഞ്ഞാന്ന് റിപ്പോർട്ട് വച്ചത് നിങ്ങൾ വായിച്ചോ; (.....ബഹളം....) പ്രിവിലേജ് കമ്മിറ്റിയുടെ റിപ്പോർട്ട് വച്ചത് നിങ്ങൾ വായിച്ചോ; കയ്യിൽ തന്ന പുസ്തകം വായിച്ചോ? (.....ബഹളം....) വായിൽ തോന്നിയതെന്തും വിളിച്ചുപറയാനുള്ള സ്ഥലമല്ല ഇത്. പ്രതിപക്ഷനേതാവ് ഇതൊക്കെ നിയന്ത്രിക്കണം. (.....ബഹളം....) സഭയുടെ അന്തസ്സിന് ചേരാത്ത പെരുമാറ്റം ചെയ്യരുത്. നിങ്ങൾ ആ റിപ്പോർട്ട് വായിക്കൂ. (.....ബഹളം....)

ശ്രീ. രമേശ് ചെന്നിത്തല: സർ, ഭരണകക്ഷിയിൽപ്പെട്ട ഒരു എം.എൽ.എ.-യ്ക്ക് പോലീസ് മർദ്ദനമുണ്ടായപ്പോൾ ഞങ്ങളാരും അതിനെ ന്യായീകരിച്ചില്ല. പോലീസിനെ ടെക്നോളജി പഠിപ്പിക്കുന്ന പുതിയ സംവിധാനമുണ്ടെന്ന്

പറഞ്ഞതുകൊണ്ട് ഞാൻ പറഞ്ഞതാണ്. എറണാകുളത്തെ പോലീസിന് ശ്രീ. എൽദോ എബ്രഹാം, എം.എൽ.എ.-യെ അറിയില്ലേ; ശ്രീ. ഷാഫി പറമ്പിൽ എം.എൽ.എ. ആണെന്ന് പോലീസിന് അറിയില്ലേ? എം.എൽ.എ. ആണെന്ന് പറഞ്ഞിട്ടും അടിച്ചുവെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഇതാണ് കേരളത്തിലെ പോലീസ്. ശ്രീ. പിണറായി വിജയന്റെ പോലീസും ശ്രീ. നരേന്ദ്ര മോദിയുടെ പോലീസും തമ്മിൽ ഒരു വ്യത്യാസവുമില്ലെന്നുള്ളതിന്റെ തെളിവാണ് ഓരോ ദിവസവും നടന്നുകൊണ്ടിരിക്കുന്ന ഈ സംഭവ വികാസങ്ങൾ. നമ്മുടെ നാട്ടിൽ സമരങ്ങളുണ്ടാകുന്നത് പുതിയ കാര്യമാണോ? സമരങ്ങൾ ധാരാളമുണ്ടാകും. സമരങ്ങളോട് പോലീസ് സ്വീകരിക്കേണ്ട സമീപനം ഇതല്ല. വിദ്യാർത്ഥി പ്രവർത്തകരുടെ സമരമുണ്ടാകുമ്പോൾ ഒരാളുടെയും തലയ്ക്കടിക്കാൻ പാടില്ലെന്നും ലാത്തിചാർജ്ജുണ്ടാകുമ്പോൾ വേണമെങ്കിൽ കാലിന്റെ മുട്ടിനുതാഴെ അടിക്കണമെന്നും തലയടിച്ച് പൊട്ടിക്കുന്ന സമീപനം പാടില്ലെന്നുമുള്ള കർശന നിർദ്ദേശം ഞാൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന കാലത്ത് പോലീസിന് കൊടുത്തിരുന്നു. ഇന്നലെ ഈ പാവപ്പെട്ട കുട്ടികളുടെയെല്ലാം തലയടിച്ച് പൊട്ടിക്കുകയാണ് ചെയ്തത്. മാത്രമല്ല ജോബ് അശോക് എന്ന ചെറുപ്പക്കാരന്റെ കയ്യിൽ ഗ്രനേഡ് തട്ടി കൈ വിരൽ

നഷ്ടപ്പെടുന്ന അവസ്ഥയിലാണ്. ഇതിന് എന്ത് ന്യായീകരണമാണുള്ളത്? കേരളത്തിലുണ്ടാകുന്ന വിദ്യാർത്ഥി സമരങ്ങളെ ചോരയിൽ മുക്കി കൊല്ലാനാണ് ഈ ഗവൺമെന്റ് ശ്രമിക്കുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, ഈ സഭയിലെ ഒരു എം.എൽ.എ.-യുടെ കാര്യം ഇവിടെ ഉന്നയിക്കുമ്പോൾ അപ്പുറത്തുള്ളവർ അവിടെയിരുന്ന് പൊട്ടിച്ചിരിക്കുകയാണ്. ഇത് എന്ത് മര്യാദയാണ്? (...ബഹളം...) ഇത് മനഃപൂർവ്വം ചെയ്യുതല്ലേ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഈ സഭയിൽ ഞങ്ങളോടൊപ്പം ഇരിക്കുന്ന ഒരു സഹപ്രവർത്തകനെ പോലീസ് മർദ്ദിച്ചിട്ട്, ഭരണകക്ഷി, പ്രതിപക്ഷം എന്നുള്ളത് പോകട്ടെ, സാമാന്യമായി നിങ്ങൾ അതിനോട് അനുഭാവം പ്രകടിപ്പിക്കണ്ടേ, അപമാനിക്കാതിരിക്കണമെന്നുള്ളത് എല്ലാവരും മനസ്സിലാക്കേണ്ട കാര്യമാണ്. പരിഹസിക്കുന്നത് ശരിയല്ല. ഒരു എം.എൽ.എ.-യ്ക്കാണ് ഇത്തരമൊരു സംഭവമുണ്ടായിട്ടുള്ളത്.

ഞങ്ങൾ അന്വേഷണം നടത്തുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. വാളയാർ സംഭവത്തിൽ സി.ബി.ഐ. അന്വേഷണമാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. യൂണിവേഴ്സിറ്റി കോളേജിലെ പരീക്ഷാ തട്ടിപ്പുമായി

ബന്ധപ്പെട്ട പ്രശ്നത്തിന് നീതിയുക്തമായ അന്വേഷണമാണ് ഞങ്ങൾ ആവശ്യപ്പെട്ടത്. അന്വേഷണത്തിനായി നിങ്ങൾ ആരെയാണ് ഏല്പിച്ചിരിക്കുന്നത്? ഇത്രയും വലിയ പരീക്ഷാ തട്ടിപ്പ് കേരള യൂണിവേഴ്സിറ്റിയിലുണ്ടായിട്ട് ഒരു സി.ഐ.-യും ഒരു ഡിവൈ.എസ്.പി.-യും മാത്രമുള്ള ജില്ലാ ക്രൈം ബ്രാഞ്ചിനെയാണ് നിങ്ങൾ ഏല്പിച്ചിരിക്കുന്നത്. നാണമില്ലേ ശ്രീ. ജയരാജൻ? ഇത്രയും വലിയൊരു സംഭവമുണ്ടായിട്ട് എന്തുകൊണ്ട് സംസ്ഥാന ക്രൈം ബ്രാഞ്ചിനെ ഏല്പിക്കുന്നില്ല. എന്തുകൊണ്ട് നിങ്ങൾ ഉത്തരവാദിത്തത്തോടെ പെരുമാറുന്നില്ല. ജില്ലാ ക്രൈം ബ്രാഞ്ചിന്റെ സംവിധാനങ്ങൾ പരിശോധിച്ചാൽ ഇത്രയും വലിയ തട്ടിപ്പുകൾ കണ്ടെത്താൻ അവർക്ക് കഴിയില്ലെന്ന് മറ്റാരെക്കാളും ബോദ്ധ്യമുള്ളവരാണ് നിങ്ങൾ.

ശ്രീ. സണ്ണി ജോസഫ്: സർ, ഇന്നലെ ശ്രീ. ഷാഫി പറമ്പിലിന് പരിക്കുപറ്റി അദ്ദേഹം കന്റോൺമെന്റ് പോലീസ് സ്റ്റേഷനിലാണെന്ന് അറിഞ്ഞാണ് ഞങ്ങൾ നന്ദാവനത്തേയ്ക്ക് പോയത്. ശ്രീ. വി. ഡി. സതീശനും ഞങ്ങളുമൊക്കെയാണ് ആദ്യം അവിടെ ചെന്നത്. ശ്രീ. ഷാഫി പറമ്പിലിനെ ഹോസ്പിറ്റലിലേയ്ക്ക് കൊണ്ടുപോകാൻ ഞങ്ങൾ ആവശ്യപ്പെട്ട് ആംബുലൻസിൽ കയറ്റി. അവിടെയുണ്ടായിരുന്ന സമരത്തിൽ പങ്കെടുത്ത വിദ്യാർത്ഥികളെ

വിട്ടയയ്ക്കണമെന്ന് പറഞ്ഞു. അപ്പോൾ അവിടെയുണ്ടായിരുന്ന ഒരുദ്യോഗസ്ഥൻ മേലുദ്യോഗസ്ഥനെ ഫോണിൽ വിളിച്ച് അനുവാദം വാങ്ങിയാണ് ആ കുട്ടികളെ ജാമ്യംപോലും എടുക്കാതെ വിട്ടയച്ചത്. ഒരു കേസ്സുപോലും രജിസ്റ്റർ ചെയ്തിരുന്നില്ല. കേസ്സെടുത്തുവെന്ന് ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. കുട്ടികൾ എന്തെങ്കിലും അക്രമം നടത്തിയിരുന്നെങ്കിൽ തീർച്ചയായും അവർക്കെതിരെ കേസ്സെടുക്കുമായിരുന്നു. ഒരു കേസ്സുപോലും രജിസ്റ്റർ ചെയ്തിരുന്നില്ല. ഒരു എഫ്.ഐ.ആർ. പോലുമുണ്ടായിരുന്നില്ല. ജാമ്യം എടുക്കേണ്ട ആവശ്യപോലും വന്നിട്ടില്ല. കുട്ടികൾക്കെതിരെ കേസ്സ് രജിസ്റ്റർ ചെയ്തുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്, കളവായി കേസ്സ് രജിസ്റ്റർ ചെയ്തതാണെന്ന് പ്രതിപക്ഷനേതാവ് മനസ്സിലാക്കിയിട്ടുണ്ടോ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, അവർ കേസ്സിൽ പ്രതികളാണെങ്കിൽ ആ സമയത്ത് അവരെ വിട്ടയയ്ക്കുകയില്ലല്ലോ. ഇവിടെ ജില്ലാ ക്രൈം ബ്രാഞ്ച് അന്വേഷിച്ചാൽ കേരള യൂണിവേഴ്സിറ്റിയിലെ 2016 മുതലുള്ള പരീക്ഷ തട്ടിപ്പുകൾ കണ്ടെത്താൻ കഴിയുമോ? നിങ്ങൾ ലാഘവബുദ്ധിയോടെയാണ് ഇതിനെ കാണുന്നത്. യൂണിവേഴ്സിറ്റി കോളേജിലെ കുത്ത് കേസ്സിന് കുറ്റപത്രം കൊടുക്കാത്തതുകൊണ്ട് പ്രതികൾക്ക് ജാമ്യം കിട്ടി. പി.എസ്.സി. തട്ടിപ്പുമായി

ബന്ധപ്പെട്ടവർക്കെല്ലാം ജാമ്യം കിട്ടി. നിങ്ങൾ എത്ര ലാഘവത്തോടെയാണ് ഇതിനെ കാണുന്നത്. വാളയാറിലെ കുട്ടികളുടെ അമ്മയും അച്ഛനും വന്നപ്പോൾ നിങ്ങൾ എന്താണ് പറഞ്ഞത്? നിങ്ങൾ കോടതിയിൽ പോകൂ, നിങ്ങൾ കോടതിയിൽ പോയാൽ ഞങ്ങൾ പിന്തുണയ്ക്കാം. നിങ്ങൾ എത്ര ലാഘവത്തോടെയാണ് അതിനെ കാണുന്നത്. നിങ്ങൾ ആരോടൊപ്പമാണ്? നിങ്ങൾ വേട്ടക്കാരോടൊപ്പമാണ്, ഇരകളോടൊപ്പമല്ല. ഏറ്റവും കൂടുതൽ പക്ഷപാതപരമായി പെരുമാറുന്ന പോലീസ് നയമാണ് ഇന്ന് സംസ്ഥാനത്തുള്ളത്. എന്നാൽ പ്രതിപക്ഷ കക്ഷികൾക്കുനേരെ സ്വീകരിക്കുന്ന സമീപനം അങ്ങേയറ്റം പ്രതിഷേധാർഹമാണ്. പാർട്ടി പറയുന്നത് മാത്രമനുസരിച്ച് പ്രവർത്തിക്കുന്ന പോലീസായി കേരള പോലീസിനെ നിങ്ങൾ അധഃപതിപ്പിച്ചിരിക്കുകയാണ്. ഭരണപക്ഷത്തെയും പ്രതിപക്ഷത്തെയും എം.എൽ.എ.-മാർക്കുപോലും രക്ഷയില്ലാത്ത അവസ്ഥയാണുള്ളത്. അതുകൊണ്ട് സഭ നിർത്തിവച്ച് ഇക്കാര്യം ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. (.....ബഹളം...)

<u>മി. സ്പീക്കർ</u>: ശ്രീ. മാണി സി. കാപ്പന് ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കാവുന്നതാണ്. (.....ബഹളം...)

(കെ.എസ്.യു. മാർച്ചിൽ ശ്രീ. ഷാഫി പറമ്പിൽ, എം.എൽ.എ.-യെ മർദ്ദിച്ച പോലീസുദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ പ്ലക്കാർഡുകളും ബാനറുകളും ഉയർത്തിപ്പിടിച്ച് ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)